TUESDAY 24/02/2026 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor:** SINDHU. K S **Editor:** Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 24/02/2026

1. കാർഷിക മേഖലയിലെ പുതുമയാർന്ന ആശയങ്ങൾക്കും ഗ്രാമവികസനത്തിന് സാങ്കേതിക പിന്തുണ നൽകുന്നതിനുമായി കെ - അഗ്ടെക് ലോഞ്ച്പാഡ് സംഘടിപ്പിക്കുന്ന 'അഗ്രി റൂറൽ ഐഡിയത്തോൺ 2026' ഫെബ്രുവരി 27-ന് വെള്ളായണി കാർഷിക കോളേജിൽ നടക്കും. കൃഷിയിലും ഗ്രാമവികസനത്തിലും സാങ്കേതികവിദ്യയും പാരമ്പര്യവും സംയോജിപ്പിക്കുന്ന നവീന ആശയങ്ങൾ കണ്ടെത്തുക എന്നതാണ് ഐഡിയത്തോണിന്റെ പ്രധാന ലക്ഷ്യം. നെക്സ്റ്റ്ജെൻ അഗ്ടെക് ഇന്നൊവേഷൻസ്, കമ്മ്യൂണിറ്റി-സെന്ററിക് റൂറൽ സൊല്യൂഷൻസ്, ക്ലൈമറ്റ് ആക്ഷൻ ഫോർ ഫാംസ് ആൻഡ് വില്ലേജ്സ് എന്നീ വിഷയങ്ങളിൽ കേന്ദ്രീകരിച്ചായിരിക്കും പരിപാടി. പങ്കെടുക്കുന്നവർക്ക് അവരുടെ ആശയങ്ങൾ വിദഗ്ധർക്ക് മുന്നിൽ അവതരിപ്പിക്കാനും മാർഗനിർദേശം നേടാനും അവസരം ലഭിക്കും. മികച്ച ആശയങ്ങൾ അവതരിപ്പിക്കുന്ന മൂന്ന് ടീമുകൾക്ക് സ്റ്റാർട്ടപ്പ് ഇൻകുബേഷൻ പിന്തുണ നൽകും. കൂടാതെ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന ടീമുകൾക്ക് യഥാക്രമം ₹10,000, ₹7,500, ₹5,000

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രൂപ വീതം പാരിതോഷികവും നൽകും. കോളേജ് വിദ്യാർത്ഥികൾക്കും 45വയസ്സിന് താഴെയുള്ള യുവതി-യുവാക്കൾക്കും പങ്കെടുക്കാം. വിശദ വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ 9995624888.താൽപര്യമുള്ളവർhttps://www.kagtechlaunchpad.com/#ideathon-2026 എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്.

2. കർഷകർക്ക് കൈത്താങ്ങായി അഗ്രോക്ലിനിക്. വെള്ളായണി കാർഷിക കോളേജിലെ അവസാന വർഷ ബിരുദ വിദ്യാർത്ഥികളുടെ ഗ്രാമീണ അവബോധ പ്രവൃത്തിപരിചയ പരിപാടിയുടെ ഭാഗമായി സ്വസ്തി 2026 അഗ്രോക്ലിനിക് ഇന്ന് (ഫെബ്രുവരി 24-ാം തീയതി ചൊവ്വാഴ്ച) ആനാട് കൃഷിഭവൻ പരിധിയിലെ വേങ്ങവിള എൻ. എസ്. എസ്. കരയോഗം, ആനാട് ഗ്രാമപഞ്ചായത്ത് ഹാൾ എന്നിവിടങ്ങളിൽ നടത്തുന്നു. 25/2/2026 ബുധൻ -മലയിൻകീഴ്, 26/2/2026 വ്യാഴം - വിളപ്പിൽ എന്നിവിടങ്ങളിൽ നടത്തുന്നു. രാവിലെ 10 മണി മുതൽ ആരംഭിക്കുന്ന പരിപാടിയിൽ കർഷകർക്ക് നൂതന കൃഷിരീതികളിലെ പരിശീലനം, പ്രദർശനം, വിത്ത്-നടീൽ വസ്തുക്കൾ, ജൈവ രോഗ-കീട നിയന്ത്രണ വസ്തുക്കളുടെ വിൽപന എന്നിവ ഉണ്ടായിരിക്കും. കൃഷിയിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉണ്ടാകുന്ന രോഗങ്ങൾ, കീടാക്രമണം, പോഷക ന്യൂനത തുടങ്ങിയ പ്രശ്നങ്ങൾക്ക് വിദഗ്ധരുടെ നിർദ്ദേശങ്ങളും നൽകുന്നതാണ്. കൂടാതെ മണ്ണ് പരിശോധനാ സൗകര്യവും ഒരുക്കിയിട്ടുണ്ട്.

3. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ വെള്ളാനിക്കരയിലുള്ള കാർഷിക കോളേജിൽ അഗ്രോണോമി, അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ്, അഗ്രിക്കൾച്ചറൽ എക്കണോമിക്സ് എന്നീ വിഷയങ്ങളിൽ അസിസ്റ്റന്റ് പ്രൊഫസറുടെ ഓരോ ഒഴിവുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ (44100 രൂപ പ്രതിമാസം ) നിയമനം നടത്തുന്നതിന് വാക് ഇൻ ഇന്റർവ്യൂ നടത്തുന്നു. വെള്ളാനിക്കര കാർഷിക കോളേജിൽ വച്ച് 25.02.2026 തീയതിയിൽ രാവിലെ 9.30 നാണ് ഇന്റർവ്യൂ. കൂടുതൽ വിവരങ്ങൾക്ക് www.kau.in, www.cohvka.kau.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക. ഫോൺ 0487 –2438302.

4. വിതുര ജഴ്സിഫാമിലെ 40 ഗർഭിണി കിടാരികളെ ഇന്ന് (24-02-2026) രാവിലെ 10 മണിയ്ക്ക് വിതുര ജഴ്സിഫാമിൽ വച്ച് പരസ്യമായി ലേലം

ചെയ്തു വിൽക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9447863678 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

5. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറെ ആഭിമുഖ്യത്തിൽ **"ആട് വളർത്തൽ"** എന്ന വിഷയത്തിൽ 28/02/2026 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ സൗജന്യ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491-2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ 10.00 AM മുതൽ 5.00 PM വരെയുള്ള സമയത്ത് വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് പരിശീലനത്തിനെത്തുമ്പോൾ കൊണ്ടുവരേണ്ടതുമാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം